കയറ്റം കയറാനാകാതെ പ്രധാനമന്ത്രി റോഡ്

കാഞ്ഞങ്ങാട്: പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തി നിർമിച്ച മടിക്കൈ പഞ്ചായത്തിലെ വെള്ളച്ചേരി-തലക്കാനം റോഡിന്റെ അശാസ്ത്രീയ നിർമാണം ഭാരവാഹനങ്ങൾക്ക് അപകടക്കെണിയാകുന്നു. അമ്പലത്തറ സൗരോർജ പാർക്കിന് സമീപം സ്വകാര്യ കമ്പനി നിർമിക്കുന്ന സൗരോർജ വൈദ്യുതി നിലയത്തിലേക്ക് സാധനസാമഗ്രികളുമായെത്തുന്ന കൂറ്റൻ ട്രെയിലറുകൾ ഈ റോഡിലെ ചെങ്കുത്തായ കയറ്റം കയറാനാകാതെ കിതച്ചുനില്ക്കുകയാണ്.

വെള്ളച്ചേരി-തലക്കാനം റോഡിലെ കയറ്റം കയറാനാകാതെ താഴെ മെക്കാഡം റോഡിനു സമീപം നിർത്തിയിട്ടിരിക്കുന്ന കണ്ടെയ്നർ ലോറി.

ഒരുവശത്ത് ആഴമുള്ള കുഴിയും ഇറക്കത്തിന് തൊട്ടുതാഴെ തിരക്കേറിയ ചെമ്മട്ടംവയൽ-കാലിച്ചാനടുക്കം മെക്കാഡം റോഡുമായതിനാൽ ഭാരവാഹനങ്ങൾ നിയന്ത്രണം വിട്ട് പിറകോട്ടടിച്ചാൽ അത് വലിയ അപകടങ്ങൾക്ക് വഴിവെക്കാം. ട്രെയിലറുകളും കണ്ടെയ്നർ ലോറികളും കയറ്റം കയറാനാകാതെ ഏറെനേരം കുടുങ്ങിനില്ക്കുന്നത് പലപ്പോഴും ചെമ്മട്ടംവയൽ-കാലിച്ചാനടുക്കം റോഡിൽ ഗതാഗതക്കുരുക്കിനും വഴിവെക്കുന്നു.

കയറ്റം കയറുമ്പോൾ ട്രെയിലറുകൾ പിറകോട്ടടിക്കുന്നത് തടയാൻ തൊട്ടടുത്തുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിന്റെ ചുറ്റുമതിലിൽ നിന്നും ചെങ്കല്ലുകൾ എടുത്തുവയ്ക്കുകയാണ് മിക്കപ്പോഴും ലോറിക്കാർ ചെയ്യുന്നത്. മതിലിന്റെ ഒരു ഭാഗത്തെ കല്ലുകൾ മുഴുവനും ഇങ്ങനെ എടുത്തു തീരാറായി. ഇതിനെതിരെ പോലീസിൽ പരാതി നല്കാനൊരുങ്ങുകയാണെന്ന് സ്ഥലമുടമയും റിട്ട.കെഎസ്ഇബി എൻജിനീയറുമായ ബാലചന്ദ്രൻ പറഞ്ഞു. പ്രധാനമന്ത്രി ഗ്രാമീണറോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നവീകരിക്കുമ്പോൾ കയറ്റം കുറയ്ക്കാതെ ടാറിംഗ് നടത്തിയതാണ് പ്രശ്നമായത്. ദിനംപ്രതി ഇത്രയും ഭാരവാഹനങ്ങൾ ഇതുവഴി കയറാനുണ്ടാകുമെന്ന് അന്ന് പ്രതീക്ഷിച്ചതുമില്ല. താരതമ്യേന ചെറിയ കണ്ടെയ്നർ ലോറികൾക്ക് താങ്ങാവുന്നതിനേക്കാൾ ഭാരമുള്ള സാമഗ്രികളാണ് പലപ്പോഴും ഇതുവഴി കൊണ്ടുവരുന്നതെന്ന് ബാലചന്ദ്രൻ പറഞ്ഞു. ഒന്നുകൂടി വലിയ ലോറികളാണെങ്കിൽ ഈ ഭാരവുമായി കയറ്റം കയറാൻ കഴിയുമായിരുന്നു.

സ്വകാര്യ കമ്പനിയുടെ നിർമാണപ്രവൃത്തികൾ തുടങ്ങുന്നതിനുമുമ്പ് റോഡിലെ കയറ്റം കുറയ്ക്കാൻ എന്തെങ്കിലും ചെയ്തിരുന്നെങ്കിൽ പ്രശ്നം പരിഹരിക്കാമായിരുന്നു. മിക്കപ്പോഴും സ്ഥലപരിചയമില്ലാത്ത ഇതര സംസ്ഥാനക്കാരായ ഡ്രൈവർമാരും തൊഴിലാളികളുമാണ് ലോഡുമായി എത്തുന്നത്. ഇത് അപകടസാധ്യത ഇരട്ടിപ്പിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കുടുംബശ്രീ സംസ്ഥാന സർഗോത്സവം ഇന്നുമുതൽ

കാലിക്കടവ്: കുടുംബശ്രീ സംസ്ഥാന സർഗോത്സവം അരങ്ങിന് ഇന്നു തിരി തെളിയും. വൈകുന്നേരം നാലിന് കാലിക്കടവ് മൈതാനത്ത് കേരള നിയമസഭ സ്പീക്കർ എ.എൻ. ഷംസീർ അരങ്ങ് ഉദ്ഘാടനം ചെയ്യും.

എം. രാജഗോപാലൻ എംഎൽഎ അധ്യക്ഷതവഹിക്കും. വൈകീട്ട് മൂന്നിന് ചന്തേര ജിയുപി സ്കൂൾ പരിസരത്ത് നിന്ന് ഘോഷയാത്ര ആരംഭിക്കും. ഏഴ്, എട്ട്, ഒൻപത് തീയതികളിൽ അരങ്ങിന്റെ നാലു വേദികളിലായി 3500 കലാ പ്രതിഭകൾ മാറ്റുരക്കും. 14 ജില്ലകളിലെ പ്രതിഭകൾക്കായി 95 മത്സര ഇനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. 2022 ൽ 18 മുതൽ 40 വരെയുള്ള ചെറുപ്പക്കാരികൾക്ക് വേണ്ടി രൂപീകരിച്ച ഓക്സിലറി ഗ്രൂപ്പുകൾക്ക് അരങ്ങിൽ പ്രത്യേകമായി മത്സരങ്ങൾ സംഘടിപ്പിക്കുന്നത് ആദ്യമായാണ്. തുടർച്ചയായ രണ്ടു വർഷങ്ങളിൽ സംഘടിപ്പിക്കുന്ന അരങ്ങ് എന്ന പ്രത്യേകതയും അരങ്ങ് 2024നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 46 ഉം ഓക്സിലറി അംഗങ്ങൾക്ക് 46 ഉം പൊതു ഇനങ്ങളായി 3 ഉം മത്സരങ്ങളാണ് 13 വേദികളിലായി നടത്തുക.

മത്സരാർഥികളുടെ താമസ സൗകര്യം പയ്യന്നൂർ, ചെറുവത്തൂർ, നീലേശ്വരം, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലാണ് ഒരുക്കിയത്.

ഒൻപതിന് വൈകുന്നേരം നാലിന് സമ്മേളനം ഉദ്ഘാടനവും സമ്മാനദാനവും തദ്ദേശസ്വയംഭരണ മന്ത്രി എം.ബി.രാജേഷ് നിർവഹിക്കും. എം.രാജഗോപാലൻ എംഎൽഎ അധ്യക്ഷതവഹിക്കും.

കുടുംബശ്രീ സംസ്ഥാന കലോത്സവം നടക്കുന്ന പിലിക്കോട് ജിഎച്ച്എസ്എസിനു മുന്നിലെ പ്രവേശന കവാടം.

ബിരിക്കുളത്തെ അധ്യാപകനിയമനവും സിപിഎമ്മിൽ വിവാദമാകുന്നു

നിലവിലുള്ള മൂന്ന് ഒഴിവുകളിൽ ധൃതിപിടിച്ച് നിയമനം നടത്തുന്നത് നേതാക്കൾക്ക് ലക്ഷങ്ങൾ കോഴ വാങ്ങാനാണെന്ന ആരോപണം ഉയരുന്നുണ്ട്.

പരപ്പ: സർക്കാർ ഏറ്റെടുക്കണമെന്ന് ഹൈക്കോടതി നിർദേശമുള്ള ബിരിക്കുളം എയുപി സ്കൂളിൽ അതിനുമുമ്പ് അധ്യാപക നിയമനം നടത്താനുള്ള നീക്കം സിപിഎം ലോക്കൽ കമ്മിറ്റിയിൽ വിവാദമാകുന്നു. പാർട്ടിയുടെ നിയന്ത്രണത്തിലുള്ള കിനാനൂർ സെക്കൻഡ് ഗ്രാമസേവാസംഘം എന്ന കടലാസ് സംഘടനയ്ക്കാണ് നിലവിൽ സ്കൂളിന്റെ ഉടമസ്ഥാവകാശമുള്ളത്.

എന്നാൽ സ്കൂൾ നില്ക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കങ്ങളുണ്ട്. ഈ സാഹചര്യത്തിൽ സ്കൂൾ സർക്കാരിന് വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഏകദേശ ധാരണയുണ്ടെങ്കിലും നിലവിലുള്ള മൂന്ന് ഒഴിവുകളിൽ അതിനുമുമ്പ് ധൃതി പിടിച്ച് നിയമനം നടത്തുന്നത് നേതാക്കൾക്ക് ലക്ഷങ്ങൾ കോഴ വാങ്ങാനാണെന്ന ആരോപണം ഉയരുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം നടന്ന ലോക്കൽ കമ്മിറ്റി യോഗത്തിൽനിന്ന് ഭൂരിഭാഗം അംഗങ്ങളും വിട്ടുനിന്നിരുന്നു. ഏതാനും ബ്രാഞ്ച് സെക്രട്ടറിമാർ രാജിക്കത്ത് കൈമാറിയതായും സൂചനയുണ്ട്. അഞ്ച് അംഗങ്ങൾ മാത്രം പങ്കെടുത്ത ലോക്കൽ കമ്മിറ്റി യോഗത്തിലാണ് അധ്യാപക നിയമനങ്ങൾ നടത്താൻ തീരുമാനിച്ചത്. ഇത് വിശദീകരിക്കാൻ ലോക്കൽ കമ്മിറ്റിക്കു കീഴിലെ 12 ബ്രാഞ്ച് കമ്മിറ്റികളും വിളിച്ചുചേർക്കാൻ തീരുമാനിച്ചെങ്കിലും ഒരിടത്തു മാത്രമാണ് യോഗം നടന്നത്. കോഴ വാങ്ങി നിയമനം നടത്താനുള്ള നീക്കവുമായി മുന്നോട്ടുപോകാനാണ് തീരുമാനമെങ്കിൽ പാർട്ടി പ്രവർത്തനത്തിൽനിന്നും വിട്ടുനില്ക്കുമെന്നാണ് ഒരു വിഭാഗം പ്രവർത്തകരുടെ മുന്നറിയിപ്പ്.

ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുള്ള സാഹചര്യത്തിൽ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് നേതാവ് സി.ഒ.സജിയാണ് 2014 ൽ ഹൈക്കോടതിയിൽ ഹർജി നല്കിയിരുന്നത്. കെഇആർ മാനദണ്ഡങ്ങൾ പ്രകാരം സ്കൂൾ പ്രവർത്തിക്കുന്നതിനുള്ള ഭൂമി മാനേജ്മെന്റിന്റെ പക്കലില്ലെന്ന് റവന്യൂവകുപ്പും ഹൈക്കോടതിയിൽ റിപ്പോർട്ട് നല്കിയിരുന്നു. തുടർന്ന് 2017 ൽ തന്നെ സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിരുന്നെങ്കിലും ബന്ധപ്പെട്ടവരുടെ താത്പര്യക്കുറവ് മൂലം പിന്നീട് നിലയ്ക്കുകയായിരുന്നു.

മൂന്നുമാസം മുമ്പ് ഹൈക്കോടതി നിർദേശമുണ്ടായതോടെയാണ് സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നീക്കം വീണ്ടും സജീവമായത്.

സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നു തന്നെയാണ് സിപിഎമ്മിനുള്ളിലെയും ഭൂരിപക്ഷാഭിപ്രായം. എന്നാൽ ഇതിനുമുമ്പ് പരമാവധി പണം വാങ്ങി അധ്യാപക നിയമനങ്ങൾ നടത്താൻ ഒരു വിഭാഗം നേതാക്കൾ ശ്രമിക്കുന്നു എന്നാണ് ഇപ്പോൾ ഉയരുന്ന ആരോപണം.

നിലവിലുള്ള മാനേജ്മെന്റിനു കീഴിൽ വീണ്ടും അധ്യാപക നിയമനങ്ങൾ നടത്തുന്നത് തടയണമെന്നും പി.എസ്.സി റാങ്ക് പട്ടികയിൽ നിന്നോ അധ്യാപക ബാങ്കിൽ നിന്നോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നോ മാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂവെന്നും ചൂണ്ടിക്കാട്ടി പൊതുപ്രവർത്തകനായ ടി.വി.വിനയചന്ദ്രനും ബന്ധപ്പെട്ടവർക്ക് പരാതി നല്കിയിട്ടുണ്ട്.

പോക്കറ്റിൽ സൂക്ഷിച്ച മൊബൈൽ ഫോണിന് തീപിടിച്ചു; യുവാവിന് പരിക്ക്

രാജപുരം: പാന്റ്സിന്റെ പോക്കറ്റിൽ നിന്നും മൊബൈൽ ഫോണിന് തീപിടിച്ച് യുവാവിന് പരിക്ക്. കള്ളാറിലെ ക്രൗൺ സ്പോർട്സ് ആന്റ് സൈക്കിൾസ് എന്ന സ്ഥാപനം നടത്തുന്ന പ്രജിൽ മാത്യു(36)വിന്റെ ഫോൺ ആണ് കത്തിയത്. ഇന്നലെ രാവിലെ 10.30 നാണ് സംഭവം. പാന്റ്സിന്റെ പോക്കറ്റിൽ ഉണ്ടായിരുന്ന ഫോൺ പെട്ടെന്ന് ചൂടാവുകയും പുക ഉയരുകയും ചെയ്യുകയായിരുന്നു.

തുടർന്ന് പെട്ടെന്ന് ഫോൺ പോക്കറ്റിൽ നിന്നും എടുത്ത് വലിച്ചെറിയുകയായിരുന്നു. വലിച്ചെറിഞ്ഞയുടൻ ഫോൺ പൊട്ടിത്തെറിച്ചു. ഓപ്പോ കമ്പനിയുടെ ഫോൺ ആണിത്. ഫോണിന്റെ സിം അടക്കം കത്തിപ്പോയി. ഇതിനിടയിൽ കാലിന്റെ തുടയിലും കൈക്കും പൊള്ളലേറ്റു. സംഭവത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കോടതിയെ സമീപിക്കുമെന്നും നിയമ നടപടിയുമായി മുന്നോട്ട് പോകുമെന്നും പ്രജിൽ പറഞ്ഞു.

കള്ളാറിലെ പ്രജിൽ മാത്യുവിന്റെ മൊബൈൽഫോൺ പൊട്ടിത്തെറിച്ച നിലയിൽ.

അധ്യാപക ഒഴിവ്

ചെമ്മനാട്: ജമാഅത്ത് എച്ച്എസ്എസിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളിൽ താത്കാലിക അധ്യാപക ഒഴിവുകളുണ്ട്. കൂടിക്കാഴ്ച 11ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ.

എടനീർ: ജിഎച്ച്എസ്എസിൽ ഹയർ സെക്കൻഡറി വിഭാഗം പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, ഇംഗ്ലീഷ് (സീനിയർ) വിഷയങ്ങളിൽ അധ്യാപക ഒഴിവുകൾ ഉണ്ട്.

ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുമായി 10ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ എത്തണം.

പെരിയ: ഗവ. പോളിടെക്നിക് കോളജിൽ കംപ്യൂട്ടർ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, സിവിൽ എൻജിനിയറിംഗ് ബ്രാഞ്ചുകളിലെ ഒഴിവുള്ള ലക്ച്ചറർ തസ്തികകളിൽ താത്കാലിക അധ്യാപകരെ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച 10, 11, 12, 13 തീയതികളിൽ നടക്കും. 10ന് ഇലക്ട്രോണിക്സ് എൻജിനിയറിംഗ്, മെക്കാനിക്കൽ എൻജിനിയറിംഗ് എന്നീ വിഭാഗങ്ങൾക്കും, 11ന് സിവിൽ എൻജിനിയറിംഗിനും 12ന് കംപ്യൂട്ടർ എൻജിനിയറിംഗിനും 13ന് ഇലക്ട്രിക്കൽ എൻജിനിയറിംഗ് വിഭാഗങ്ങൾക്കുമാണ് കൂടിക്കാഴ്ച.

ബന്ധപ്പെട്ട വിഷയങ്ങൾക്ക് 60 ശതമാനം മാർക്കിൽ കുറയാതെ നേടിയ എൻജിനിയറിംഗ് ബിരുദമാണ് കുറഞ്ഞ യോഗ്യത. കൂടിക്കാഴ്ചക്ക് ഹാജരാകുന്നവർ അതതു ദിവസങ്ങളിൽ രാവിലെ 10നകം ബയോഡാറ്റ, എല്ലാ അക്കാദമിക/പരിചയ സർട്ടിഫിക്കറ്റുകളുടെയും അസലും പകർപ്പുകളും സഹിതം പോളിടെക്നിക്ക് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം.

സ്ഥിരമായോ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ തസ്തിക നികത്തുന്നതുവരേയോ അക്കാദമിക വർഷം അവസാനം വരെയോ ഏതാണ് ആദ്യം അതുവരെയാണ് നിയമനം. ഫോൺ: 04672234020, 9995681711.

കാഞ്ഞങ്ങാട്: മീനാപ്പീസ് ഗവ.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ് സ്കൂളിൽ എച്ച്എസ്ടി പാർട്ട് ടൈം (മലയാളം) അധ്യാപക ഒഴിവുണ്ട്. ഉദ്യോഗാർഥികൾ ഇന്നു രാവിലെ 11ന് അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0467 2200760.

ചെമ്മനാട്: ജമാഅത്ത് എച്ച്എസ്എസിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഇംഗ്ലീഷ് വിഭാഗത്തിൽ ഒന്നും ഹിന്ദി വിഭാഗത്തിൽ ഒന്നും ഫിസിക്കൽ സയൻസ് വിഭാഗത്തിൽ ഒന്നും സോഷ്യൽ സയൻസ് വിഭാഗത്തിൽ ഒന്നും നിയമനം നടത്തുന്നതിനുള്ള കൂടിക്കാഴ്ച 10നു രാവിലെ 10നു സ്കൂൾ ഓഫീസിൽ നടക്കും. ഫോൺ: 9497636921.

റാങ്ക് ജേതാക്കളെ അനുമോദിച്ചു

വെള്ളരിക്കുണ്ട്: സെന്റ് ജൂഡ്സ് കോളജിൽ നിന്നും കണ്ണൂർ സർവകലാശാല ബിഎ ഇംഗ്ലീഷ് പരീക്ഷയിൽ റാങ്ക് നേടിയ ഡെൽമ ജോൺസൺ, തെരേസ ബാബു എന്നിവരെ അനുമോദിച്ചു. കോളജിൽ നടന്ന അനുമോദന യോഗം ബളാൽ പഞ്ചായത്ത് പ്രസിഡന്റ് രാജു കട്ടക്കയം ഉദ്ഘാടനം ചെയ്തു. തലശേരി അതിരൂപത വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്തംഗം ഷോബി ജോസഫ്, ജോഷ്ജോ ഒഴുകയിൽ, റോയിച്ചൻ ജോസഫ്, ഫാ.അഖിൽ മുക്കുഴി, ഫാ.വിപിൻ വെമ്മേനിക്കട്ടയിൽ, പ്രിൻസിപ്പൽ സിസ്റ്റർ മേരിക്കുട്ടി അലക്സ്, ധന്യ മാത്യു, തോമസ് എന്നിവർ പ്രസംഗിച്ചു. റാങ്ക് ജേതാക്കൾക്ക് കാഷ് അവാർഡും മൊമെന്റോയും സമ്മാനിച്ചു. മൂന്നുവർഷം കോളജിന്റെ വൈസ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച ഫാ.അഖിൽ മുക്കുഴിക്ക് യാത്രയയപ്പ് നല്കി.

വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് കോളജിൽ നടന്ന അനുമോദന യോഗം ബളാൽ പഞ്ചായത്ത് പ്രസിഡന്റ് രാജു കട്ടക്കയം ഉദ്ഘാടനം ചെയ്യുന്നു.

മാലിന്യ സംസ്കരണത്തിലെ വീഴ്ച; അപ്പാർട്ട്മെന്റുകൾക്ക് പിഴ

കാസർഗോഡ്: ഫ്ളാറ്റുകളിൽ നിന്നും മലിനജലം പൊതു ഓടകളിലേക്ക് ഒഴുക്കിവിടുന്നുവെന്ന പരാതിയിൽ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തിയ പരിശോധനയിൽ ഗുരുതരമായ നിയമലംഘനങ്ങൾ കണ്ടെത്തി. അപ്പാർട്ടുമെന്റുകളിൽ നിന്നുള്ള മലിനജലം പൊതു ഡ്രെയിനേജുകളിലേക്ക് ഒഴുക്കിവിടുന്നതിന് സ്ഥിര സംവിധാനം ഒരുക്കിയതായി കണ്ടെത്തിയ അപ്പാർട്ട്മെന്റ് ഉടമകളിൽ നിന്ന് 10,000 രൂപ, 8,000 രൂപ എന്നിങ്ങനെ തൽസമയ പിഴ ഈടാക്കി.

ദ്രവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് കണ്ടു കെട്ടുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകി. പത്വാടിയിലെ റോഡരികിലുള്ള സ്വന്തം സ്ഥലത്ത് മാലിന്യങ്ങൾ കൂട്ടിയിടുന്നതിന് സൗകര്യമൊരുക്കിയതിന് സ്ഥലമുടമയ്ക്ക് 5000 രൂപ പിഴ ചുമത്തി.

പരിശോധനയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ മുഹമ്മദ് മദനി, സ്ക്വാഡ് അംഗങ്ങളായ ഇ.കെ.ഫാസിൽ, വിനേഷ് കുമാർ എന്നിവർ പങ്കെടുത്തു.

ബിരിക്കുളം എയുപി സ്കൂളിൽ പച്ചത്തുരുത്ത് ഒരുങ്ങുന്നു

ബിരിക്കുളം: ബിരിക്കുളം എയുപി സ്കൂളിൽ കിനാനൂർ-കരിന്തളം പഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ മിയാവാക്കി പച്ചത്തുരുത്ത് ഒരുങ്ങുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പച്ചത്തുരുത്ത് നിർമിക്കുന്നത്. പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി ചെയർമാൻ സി.എച്ച്.അബ്ദുൽ നാസർ നിർമാണപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

വാർഡ് അംഗം വി.സന്ധ്യ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ കെ.രമ്യ, എം.ബി. രാഘവൻ, കൃഷി ഓഫീസർ ബെൽസി, മുഖ്യാധ്യാപിക ഇ.വി. ശൈലജ, പിടിഎ എക്സിക്യൂട്ടീവ് അംഗം ഹരി ക്ലാസിക്, ജിജോ പി.ജോസഫ്, എൻആർഇജി ഓവർസിയർ അഭിജിത് എന്നിവർ സംബന്ധിച്ചു.

ബിരിക്കുളം എയുപി സ്കൂളിൽ പച്ചത്തുരുത്ത് നിർമാണത്തിന് തുടക്കമായപ്പോൾ.

സംസ്ഥാന സബ്ജൂണിയർ ഫുട്ബോളിൽ പാലക്കാട് വയനാടിനെ നേരിടുന്നു.

സംസ്ഥാന സബ്ജൂണിയർ ഫുട്ബോൾ സെമിഫൈനൽ ഇന്ന്

തൃക്കരിപ്പൂർ: സംസ്ഥാന സബ് ജൂണിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ സെമിഫൈനൽ ഇന്നു നടക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് മലപ്പുറം തൃശൂരിനെയും വൈകുന്നേരം 4.30 ന് ആതിഥേയരായ കാസർഗോഡ് പാലക്കാടിനെയും നേരിടും.

നടക്കാവ് രാജീവ്ഗാന്ധി സിന്തറ്റിക് ടർഫിൽ നടന്നു വരുന്ന ചാമ്പ്യൻഷിപ്പിന്റെ ഇന്നലെ നടന്ന ലീഗ് റൗണ്ട് അവസാനമത്സരങ്ങളിൽ തൃശൂർ ഒന്നിനെതിരെ ആറു ഗോളുകൾക്ക് തിരുവനന്തപുരത്തെ പരാജയപ്പെടുത്തി. അവസാന പൂളിൽ വയനാടിനെ ഒന്നിനെതിരെ നാലു ഗോളുകൾക്ക് പാലക്കാട് തോൽപ്പിച്ചു.

പ്രവേശനോത്സവം നടത്തി

ചുള്ളിക്കര: കൊട്ടോടി സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ പ്രവേശനോത്സവവും പത്താം ക്ലാസ് വിജയികൾക്കുള്ള ആദരവും സ്കൂൾ കറസ്പോണ്ടന്റ് ഫാ.സനീഷ് കയ്യാലക്കകത്ത് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ മധുസൂദനൻ മങ്ങാത്തിൽ അധ്യക്ഷത വഹിച്ചു. ചെറുകഥാകൃത്തും കവിയും കെഎസ്ഇബി കുറ്റിക്കോൽ സെക്ഷൻ സീനിയർ അസിസ്റ്റന്റുമായ ഗണേഷ് അയറോട്ട് മുഖ്യാതിഥിയായി. പിടിഎ പ്രസിഡന്റ് രാധാകൃഷ്ണൻ, മദർ പിടിഎ പ്രസിഡന്റ് അഖില സന്തോഷ്, അധ്യാപകരായ ജരാൾഡ് ജേക്കബ്, സിസ്റ്റർ ഷാന്റി എന്നിവർ പ്രസംഗിച്ചു. പുതുതായി സ്കൂളിലേക്കെത്തിയ കുട്ടികളെ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ സ്വീകരിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും നടന്നു.

രാജപുരം: കൊളപ്പുറം അങ്കണവാടി പ്രവേശനോത്സവം സംഘടിപ്പിച്ചു.വാർഡ് മെമ്പർ എൻ.വിൻസെന്റ് കുട്ടികൾക്ക് ബലൂണും മധുരപലഹാരങ്ങളും നൽകി സ്വീകരിച്ചു.വി.എൽ അന്നമ്മ, എ.ടി.ജോസഫ്,പി.വി. വർഗ്ഗീസ്,ലൈസ തങ്കച്ചൻ, വി.ടി ലതാറാണി തുടങ്ങിയവർ പ്രസംഗിച്ചു.

പനത്തടി: പെരുതടി അങ്കണവാടിയിൽ പ്രവേശനോത്സവം പഞ്ചായത്തംഗം ബി.സജിനിമോൾ ഉദ്ഘാടനം ചെയ്തു. സബ് ഇൻസ്പെക്ടർ ബി.സുരേന്ദ്രൻ പഠനോപകരണങ്ങൾ സ്പോൺസർ ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്തു.

അംഗൻവാടി വർക്കർ പി.നിർമ്മല, പി.ബി ഗണേഷ്, ഹരിപ്രിയ സുനിൽ , പി.സി സരോജിനി എന്നിവർ പ്രസംഗിച്ചു.

കൊട്ടോടി സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ പ്രവേശനോത്സവം സ്കൂൾ കറസ്പോണ്ടന്റ് ഫാ.സനീഷ് കയ്യാലക്കകത്ത് ഉദ്ഘാടനം ചെയ്യുന്നു.

പെരുതടി അങ്കണവാടിയിൽ നടന്ന പ്രവേശനോത്സവം.

കൊളപ്പുറം അങ്കണവാടിയിൽ നടന്ന പ്രവേശനോത്സവം.

മാർക്കറ്റ്

കാസർഗോഡ്	
അടയ്ക്ക (പഴയത്)	35500-38000
അടയ്ക്ക (പുതിയത്)	36500

കാഞ്ഞങ്ങാട്	
റബർ (ഗ്രേഡ്)	18500
റബർ (ലോട്ട്)	16500
ഒട്ടുപാൽ	11000
അടയ്ക്ക(പുതിയത്)	36000
കുരുമുളക്	60000
കൊപ്ര	8500

വെള്ളരിക്കുണ്ട്	
റബർ (ഗ്രേഡ്)	19100
റബർ (ലോട്ട്)	17200
ഒട്ടുപാൽ	11400
അടയ്ക്ക	34000-37000
കുരുമുളക്	60000
തേങ്ങ	2850

ചെറുപുഴ	
റബർ ഗ്രേഡ്	19000
റബർ ലോട്ട്	17000
ഒട്ടുപാൽ	11000
അടയ്ക്ക	35500
കുരുമുളക്	60000
തേങ്ങ	2700
കൊപ്ര	7500

പുളിങ്ങോം	
റബർ ഗ്രേഡ്	19000
റബർ ലോട്ട്	16200
ഒട്ടുപാൽ	11000
അടയ്ക്ക	35000
കുരുമുളക്	57000
തേങ്ങ	2800
കൊപ്ര	7800

ഇന്നത്തെ സിനിമ

കാസർഗോഡ്

മൂവിമാക്സ് സർക്കിൾ

ടർബോ (10.30, 1.30, 4.30, 7.30, 10.30)തലവൻ (10.30, 4.30, 7.30, 10.30)ലിറ്റിൽ ഹാർട്ട്സ് (10.30, 1.30, 10.30)ഗുരുവായൂരമ്പലനടയിൽ (1.30, 4.30, 7.30)

സിനികൃഷ്ണ

അഭിരാമി (10.30, 1.30, 7.30)ഇന്ത്യൻ (തമിഴ്, 1.30, 7.30, 10.30)ഗജിനി (തമിഴ്, 10.30, 4.30)

മെഹബൂബ് കോംപ്ലക്സ്

ലിറ്റിൽ ഹാർട്ട്സ് (1.30, 4.30, 7.30)ഗോളം (1.30, 7.30, 10.30) മന്ദാകിനി (1.30, 7.30, 10.30)ഗുരുവായൂരമ്പലനടയിൽ (10.30, 1.30)ടർബോ (4.30, 7.30)മായമ്മ (10.30)ശ്രീ മുത്തപ്പൻ (10.30)ജമാലിന്റെ പുഞ്ചിരി (1.30)കുടുംബസ്ത്രീയും കുഞ്ഞാടും (4.30)ബാഡ് ബോയ്സ്: റൈഡ് ഓർ ഡൈ (ഇംഗ്ലീഷ്, 4.30)

കർമംതൊടി

കാവേരി സിനിമാസ്

തലവൻ (10.30, 1.30, 4.30, 7.30, 10.30)ടർബോ (1.30, 4.30, 10.30)മന്ദാകിനി (10.30, 7.30)

കാഞ്ഞങ്ങാട്

വിജിഎം മൾട്ടിപ്ലക്സ്

തലവൻ (10.25, 3.00, 8.00, 10.15)ലിറ്റിൽ ഹാർട്ട്സ് (10.30, 2.30, 5.30, 10.15)ഗുരുവായൂരമ്പലനടയിൽ (10.25, 3.00, 10.45)ബാഡ് ബോയ്സ്:റൈഡ് ഓർ ഡൈ (ഇംഗ്ലീഷ്, 12.45, 5.30)മന്ദാകിനി (5.30, 8.00)ശ്രീ മുത്തപ്പൻ (12.45)

വിനായക കോംപ്ലക്സ്

അഭിരാമി (10.30, 2.30)ജമാലിന്റെ പുഞ്ചിരി (10.30, 2.30)ഗജിനി (തമിഴ്, 5.30, 8.00)മായമ്മ (5.30)കുടുംബസ്ത്രീയും കുഞ്ഞാടും (8.00)

ദീപ്തി സിനിമാസ്

ടർബോ (10.30, 2.30, 5.30, 8.15)ഗോളം (10.45, 2.30, 8.15)ഗുരുവായൂരമ്പലനടയിൽ (2.30, 5.30, 8.15)ഇന്ത്യൻ (തമിഴ്, 10.30, 5.15)

ചെറുവത്തൂർ

പാക്കനാർ സിനിമാസ്

തലവൻ (10.30, 1.30, 4.30, 7.30, 10.30)

പരിസ്ഥിതിദിനാചരണം

വെള്ളരിക്കുണ്ട്: സെന്റ് ജൂഡ്സ് എച്ച്എസ്എസിൽ നടന്ന പരിസ്ഥിതി ദിനാചരണം സ്കൂൾ മാനേജർ റവ.ഡോ. ജോൺസൺ അന്ത്യാംകുളം വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. ബളാൽ പഞ്ചായത്ത് റംബൂട്ടാൻ തൈകളും കാഞ്ഞങ്ങാട് പോപ്പുലർ വെഹിക്കിൾസ് ഒട്ടുമാവിൻ തൈകളും സ്കൂളിൽ വിതരണം ചെയ്തു. എസ്പിസി മധുരവനത്തിൽ പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി എസ്പിസി കേഡറ്റുകൾ മാവിൻ തൈ നടുകയും അവധിക്കാലത്ത് കേഡറ്റുകൾ വീട്ടിൽ നട്ടുവളർത്തിയ ചെടികൾ മുഖ്യാധ്യാപികയ്ക്ക് കൈമാറുകയും ചെയ്തു.

കുട്ടികൾക്കായി പോസ്റ്റർ രചന, പ്രസംഗ മത്സരം, ഉപന്യാസ മത്സരം എന്നിവ നടത്തി. പ്രത്യേക അസംബ്ലിയിൽ പരിസ്ഥിതി ദിന സന്ദേശവും പരിസ്ഥിതി ദിന കവിത രചനയും നടത്തി. സ്റ്റാഫ് സെക്രട്ടറി ജിമ്മി മാത്യു നന്ദി പറഞ്ഞു.

കാഞ്ഞിരടുക്കം: ഉർസുലൈൻ പബ്ലിക് സ്കൂളിൽ പരിസ്ഥിതി ദിനാചരണം സ്കൂൾ പരിസരത്ത് ഞാവൽ മരത്തിന്റെ തൈ നട്ട് പ്രിൻസിപ്പൽ സിസ്റ്റർ ബിജി മാത്യു ഉദ്ഘാടനം ചെയ്തു.

സിസ്റ്റർ അനിത, അധ്യാപികമാരായ കെ.നിർമല, മോഹിനി, എ.ഉഷാ കുമാരി, മല്ലിക, കെ. ശ്രീജ, വിദ്യാർഥി കോഓർഡിനേറ്റർ എൽവിൻ ബിനോയ് എന്നിവർ നേതൃത്വം നൽകി.

വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് എച്ച്എസ്എസിൽ നടന്ന പരിസ്ഥിതി ദിനാചരണം.

കാഞ്ഞിരടുക്കം ഉർസുലൈൻ പബ്ലിക് സ്കൂളിൽ പരിസ്ഥിതി ദിനാചരണം.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ–ലേല വിൽപ്പന നോട്ടീസ് [റൂൾ–8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പ്പക്കാർ/ജാമ്യക്കാർ: **(1) ശ്രീ. ലത്തീഫ് എൻ.എ,** M/s. മലബാർ സ്പൈസസിന്റെ പ്രൊപ്രൈറ്റർ, ഗ്രൗണ്ട് ഫ്ളോർ, കെ.പി. XVI 148 എ, ആദിത്യ കോംപ്ലക്സ്, കുറ്റിക്കോൽ, കാസർഗോഡ്, കേരള – 671541 കൂടാതെ ഫാത്തിമ മൻസിൽ, നെല്ലിത്താവ്, കുറ്റിക്കോൽ പി ഒ, കാസർഗോഡ്, കേരളം – 671541, **(2) ശ്രീമതി സക്കീറ സി.എച്ച്.** ഫാത്തിമ മൻസിൽ, നെല്ലിത്താവ്, കുറ്റിക്കോൽ പി ഒ, കാസർഗോഡ്, കേരളം – 671541

താഴെ പറയുന്ന വസ്തുവഹകൾ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ **പടുപ്പ് ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് പടുപ്പ് ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 04.06.2024ന് കിട്ടുവാനുള്ള തുകയായ **1,47,62,978.46 (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ നാൽപ്പത്തിയാറ് പൈസ മാത്രം)** തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **27.06.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീ ലത്തീഫ് എൻ എ, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ, കുറ്റിക്കോൽ വില്ലേജിൽ റീസർവ്വെ നം. 80/4 പി.ടി. & 80/2 പി.ടി. ശ്രീ ലത്തീഫ് എൻ എ യുടെ ഉടമസ്ഥതയിൽ ഉദുമ എസ്ആർഒയിൽ 24.11.1999ന് രജിസ്റ്റർ ചെയ്ത 3751/1999 ധനനിശ്ചയആധാരപ്രകാരവും 20.09.2008ന് രജിസ്റ്റർ ചെയ്ത 3761/2008 ജൻമം തീരാധാരപ്രകാരവും പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 58.68 ആർസ് (40.47 ആർസ് + 18.21 ആർസ്) സ്ഥലം. **അതിർത്തികൾ (3751/1999 ആധാരപ്രകാരം 40.47 ആർസ് സ്ഥലം):** വടക്ക്: അബ്ദുൾ റഹിമാന്റെ സ്ഥലം, തെക്ക്: റോഡ്, കിഴക്ക്: ആയിഷയുടെ സ്ഥലം, പടിഞ്ഞാറ്: അബ്ദുൾ റഹിമാന്റെ സ്ഥലം, **(3761/2008 ആധാരപ്രകാരം 18.21 ആർസ് സ്ഥലം):** വടക്ക്: ദാക്ഷായണിയുടെയും മറ്റുള്ളവരുടെയും സ്ഥലം, തെക്ക്: ലത്തീഫിന്റെ സ്ഥലം, കിഴക്ക്: ലത്തീഫിന്റെ സ്ഥലം, പടിഞ്ഞാറ്: രാധാകൃഷ്ണൻ നായരുടെ സ്ഥലം

കരുതൽ വില: 55,68,000 (അൻപത്തിയഞ്ച് ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം)	
നിരതദ്രവ്യം (EMD): 5,56,800 (അഞ്ച് ലക്ഷത്തി അൻപത്തിയാറായിരത്തി എണ്ണൂറ് രൂപ മാത്രം) (EMD 26.06.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്	
ബിഡ് ഇൻക്രിമെന്റ് തുക: 10,000 (പത്തായിരം രൂപ മാത്രം)	
ഇ-ലേലത്തിന്റെ തിയതിയും സമയവും: 27.06.2024ന് രാവിലെ 10 മുതൽ 11 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.	
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01.01.1987 മുതൽ 24-02-2016 വരെ, 01-01-2018 മുതൽ 09-12-2022 വരെ, 01-01-2022 മുതൽ 04-10-2023 വരെ ബാധ്യതകൾ ഒന്നും തന്നെ ഇല്ല	

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. www. southindianbank.com വിശദാംശങ്ങൾ https://bankauctions.in ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: 0497 2713234/2713235, 8826904358) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് പടുപ്പ് 04994 200111, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി 8848659770 എന്ന നമ്പറിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 05.06.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

C2406-532788